**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3770** **09-10-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാല സ്കോളർഷിപ്പിനായി ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ 2024-25 കാലയളവിൽ വിവിധ സ്കോളർഷിപ്പുകൾ ലഭിക്കാൻ അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം, അനുവദിച്ചതിന്റെ ശതമാനം എന്നിവ സർവകലാശാലകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ 2024-25 കാലയളവിൽ വിവിധ സ്കോളർഷിപ്പുകൾ ലഭിക്കാൻ അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം, അനുവദിച്ചതിന്റെ ശതമാനം എന്നിവയുടെ വിവരങ്ങൾ സർവകലാശാല അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :<br><br>**കേരള സർവ്വകലാശാല**<br><br>2024-25 അദ്ധ്യയന വർഷത്തിൽ സർവ്വകലാശാല മെറിറ്റ് സ്കോളർഷിപ്പിനായി അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം : 810<br><br>അനുവദിച്ച അപേക്ഷകളുടെ<br><br>എണ്ണം - 191<br><br>അനുവദിച്ച ശതമാനം - 23.58 %<br><br>2024-25 അദ്ധ്യയന വർഷത്തിൽ യു.ജി.സി. National Scholarship for Postgraduate Studies എന്ന സ്കോളർഷിപ്പ് ലഭിക്കുവാൻ അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം : 186<br><br>ടി സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ യു.ജി.സി. ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.<br><br>നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന സർവ്വകലാശാല പഠന വകുപ്പുകളിലെ വിദ്യാർത്ഥികൾ 2024-25 അദ്ധ്യയന വർഷത്തിൽ സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്, ലക്ഷദ്വീപ് സ്കോളർഷിപ്പ് എന്നിവയ്ക്കായി പരിശോധിച്ച് കൈമാറിയ അപേക്ഷകളുടെ എണ്ണം - 63<br><br>ഇവ വിവിധങ്ങളായ കേന്ദ്ര വകുപ്പുകൾ നേരിട്ട് നൽകുന്നവയാകയാൽ ആയതു അനുവദിച്ചു കിട്ടിയ |

കുട്ടികളുടെ വിവരങ്ങൾ സർവകലാശാലയിൽ ലഭ്യമല്ല.

**<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>**

2024-25 കാലയളവിൽ National Scholarship Portal മുഖേന സ്കോളർഷിപ്പ് ലഭിക്കുവാൻ അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം - 162

അനുവദിച്ച അപേക്ഷകളുടെ എണ്ണം - 54

അനുവദിച്ച ശതമാനം - 33.33 %

**<u>കാലിക്കറ്റ് സർവ്വകലാശാല</u>**

2024-25 അക്കാദമിക് വർഷത്തിൽ നാഷണൽ സ്കോളർഷിപ്പുകൾക്കായി അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം - 374

അനുവദിച്ച അപേക്ഷകളുടെ എണ്ണം - 127

അനുവദിച്ച ശതമാനം - 33.96 %

2024-25 വർഷത്തിൽ യൂണിവേഴ്സിറ്റി ഫെലോഷിപ്പിനായി അപേക്ഷ സമർപ്പിച്ച പി.എച്ച്.ഡി ഗവേഷകരുടെ എണ്ണം - 32

അനുവദിച്ചവരുടെ എണ്ണം - 32

അനുവദിച്ച ശതമാനം - (100%)

കാലിക്കറ്റ് സർവ്വകലാശാല നൽകി വരുന്ന മെറിറ്റ് സ്കോളർഷിപ്പിനായി വിദ്യാർത്ഥികൾ പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. നിശ്ചിത ശതമാനത്തിലധികം മാർക്ക് ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ്, പരീക്ഷ ഭവനിൽ നിന്നും ശേഖരിച്ച് വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റി തന്നെ തിരഞ്ഞെടുത്താണ് ഈ സ്കോളർഷിപ്പ് നൽകുന്നത്.

2024-25 സാമ്പത്തിക വർഷം യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പ് ഇനത്തിൽ 220 ബിരുദ വിദ്യാർത്ഥികൾക്ക് 4,000/- രൂപ വീതവും 249 ബിരുദാന്തര ബിരുദ വിദ്യാർത്ഥികൾക്ക് 6,000/- രൂപ വീതവും ഒറ്റത്തവണയായി യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പ് തുക നൽകിയിട്ടുണ്ട്.

**<u>കണ്ണൂർ യൂണിവേഴ്സിറ്റി</u>**

കണ്ണൂർ സർവ്വകലാശാലയിൽ 2024-2025 കാലയളവിൽ സർവ്വകലാശാല പഠന വകുപ്പുകളിലെ വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ മുഖേന 187 അപേക്ഷകൾ

സമർപ്പിച്ചിട്ടുണ്ട്. തുക നേരിട്ട് അപേക്ഷകരുടെ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ അനുവദിച്ചതിന്റെ ശതമാനം സർവകലാശാലയിൽ ലഭ്യമല്ല.

**കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല**

2024-25 കാലയളവിൽ യൂണിവേഴ്സിറ്റി റിസർച്ച് ഫെല്ലോഷിപ്പിനായി അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം - 93

അനുവദിച്ച ശതമാനം - 91

യൂണിവേഴ്സിറ്റി പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പിനായി അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം - 32

അനുവദിച്ച ശതമാനം - 50

**എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി**

എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പ് നൽകിത്തുടങ്ങിയിട്ടില്ല.

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല**

2024-25 കാലയളവിൽ ഇ- ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് ഫിഷറീസ് സ്കോളർഷിപ്പിനായി അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം - 24
അനുവദിച്ചതിന്റെ ശതമാനം - 100

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇ- ഗ്രാന്റിനായി അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം - 206

അംഗീകരിച്ച അപേക്ഷകൾ - 205 എണ്ണം, ശതമാനം (99.51%)

നാഷണൽ സ്കോളർഷിപ്പിനായി അപേക്ഷിച്ച വിദ്യാർത്ഥികൾ - 23

അനുവദിച്ചത് - 3

അനുവദിച്ച ശതമാനം (13.04%)

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്നും അക്സസ് സ്കോളർഷിപ്പിനായി അപേക്ഷിച്ച വിദ്യാർഥികൾ - 19

അനുവദിച്ചത് - 18 എണ്ണം (94.73%)

| | | | |
|---|---|---|---|
| | | | സംസ്കൃത സ്കോളർഷിപ്പിനായി അപേക്ഷിച്ച വിദ്യാർഥികൾ - 108<br><br>അനുവദിച്ചത് - 108 എണ്ണം (100%)<br><br>മെറിറ്റ് സ്കോളർഷിപ്പിനായി അപേക്ഷിച്ച വിദ്യാർഥികൾ - 512<br><br>254 വിദ്യാർത്ഥികൾ അർഹരായി. പ്രസ്തുത തീരുമാനം സിൻഡിക്കേറ്റ് അംഗീകാരത്തിനായി നൽകിയിരിക്കുകയാണ്.<br><br>ശതമാനം - 49.60<br><br>**<u>ദി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)</u>**<br><br>നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന 2024-25 കാലയളവിൽ നവാൻസിൽ ഒരു സ്റ്റുഡന്റ് ആണ് അപേക്ഷിച്ചിട്ടുള്ളത്.<br><br>**<u>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>**<br><br>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ 2024-25 കാലയളവിൽ E-Grantz ന് 1695 വിദ്യാർത്ഥികൾ അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ 77 ശതമാനം പഠിതാക്കൾക്ക് E-Grantz അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ